*പൊതു വിദ്യാഭ്യാസ*
*ഡയറക്റ്ററുടെകാര്യാലയം,*
*ഹയർസെക്കണ്ടറി വിഭാഗം,*
*ഹൗസിങ്ങ്ബോർഡ്ബിൽഡിംഗ്*
*തിരുവനന്തപുരം-1*

**ICT Cell/1771/2/DGE-HSS/2021** **31/08/2021**

# സർക്കുലർ

സൂചന : സ.ഉ(സാധാ)നം.3667/2021/പൊ.വി.വ തീയതി12/8/2021 അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ പ്രോസ്പക്ടസ്

## സ്പോർട്ട്സ് ക്വാട്ട പ്രവേശനം 2021 : നിർദേശങ്ങൾ

**സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനായി സ്പോർട്ട്സ് ക്വാട്ട അഡ്മിഷൻ ഓൺലൈൻ സംവിധാനത്തിലായിരിക്കും നടപ്പിലാക്കുക. രണ്ട് ഘട്ടങ്ങൾ ഉൾപ്പെട്ട ടി സംവിധാനത്തിലെ ആദ്യ ഘട്ടത്തിൽ സ്പോർട്ട്സിൽ മികവ് നേടിയ വിദ്യാർത്ഥികൾ അവരുടെ സ്പോർട്സ് സർട്ടിഫിക്കറ്റുകൾ ജില്ലാ സ്പോർട്ട്സ് കൗൺസിലുകളിൽ ഓൺലൈനായി സ്പോർട്സ് മികവ് രജിസ്റ്റർ ചെയ്യുന്നതും അതതു ജില്ലാ സ്പോർട്ട്സ് കൗൺസിൽ അധികാരികൾ ഓരോ വിദ്യാർത്ഥിയുടേയും സ്പോർട്സ് സർട്ടിഫിക്കറ്റ് വിവരങ്ങൾ വേരിഫിക്കേഷൻ നടത്തുമ്പോൾ തന്നെ ഒരു സ്കോർ കാർഡ് ലഭിക്കുന്നതുമാണ്. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ മികവ് രജിസ്ട്രേഷന്റെ സമയത്ത് രജിസ്ടേഷനിൽ ഉൾകൊള്ളിക്കുന്ന സർട്ടിഫിക്കറ്റുകളുടെ വിവരങ്ങൾ (സർട്ടിഫിക്കറ്റ് നമ്പർ,സർട്ടിഫിക്കറ്റ് അനുവദിക്കപ്പെട്ട തീയതി, സർട്ടിഫിക്കറ്റ് നൽകിയ അധികാരി) ഓൺലൈൻ അപേക്ഷയിൽ ഉൾപ്പെടുത്തണം.രജിസ്ട്രേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റ് വെരിഫിക്കേഷനായി ജില്ലാ സ്പോർട്സ് കൗൺസിൽ അധികാരികൾ ആവശ്യപ്പെടുന്ന പക്ഷം ആരോഗ്യസുരക്ഷാമാനദണ്ഡങ്ങൾ പാലിച്ച് മുൻ കൂട്ടി നിശ്ചയിക്കുന്ന സമയത്ത് നേരിട്ടോ അല്ലെങ്കിൽ മറ്റേതെങ്കിലും മാർഗമോ ലഭ്യമാക്കി വെരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ച് സ്കോർ കാർഡ് നേടേണ്ടതാണ്. ഇത്തരത്തിൽ രജിസ്ട്രേഷൻ നടത്തി സ്കോർ കാർഡ് ലഭിച്ചവർക്ക് രണ്ടാം ഘട്ട അപേക്ഷാസമർപ്പണം ചെയ്യാവുന്നതാണ്.**

രണ്ടാം ഘട്ടത്തിൽ പ്ലസ്‌വൺ അഡ്മിഷന് യോഗ്യത നേടുന്ന വിദ്യാർത്ഥികൾക്ക് സ്പോർട്ട്സ് ക്വാട്ടയിൽ അഡ്മിഷൻ ലഭിക്കുന്നതിനായി www.admission.dge.kerala.gov.in-ലെ "Click for Higher Secondary Admission" എന്നതിലൂടെ ഹയർ സെക്കണ്ടറി അഡ്മിഷൻ വെബ്സൈറ്റിൽ പ്രവേശിച്ച് CREATE CANDIDATE LOGIN-SPORTS എന്ന ലിങ്കിലൂടെ ക്യാൻഡിഡേറ്റ് ലോഗിൻ സൃഷ്ടിക്കാവുന്നതാണ്. ഇത്തരത്തിൽ മൊബൈൽ ഒ.റ്റി.പി യിലൂടെ സുരക്ഷിത പാസ്‌വേർഡ് നൽകി സൃഷ്ടിക്കുന്ന ക്യാൻഡിഡേറ്റ് ലോഗിനിലൂടെ ആയിരിക്കും അപേക്ഷാസമർപ്പണവും തുടർന്നുള്ള പ്രവേശന പ്രവർത്തനങ്ങളും.ക്യാൻഡിഡേറ്റ് ലോഗിനിലെ APPLY ONLINE-SPORTS എന്ന ലിങ്കിലൂടെ അപേക്ഷകർക്ക് സ്വന്തമായി ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. പത്താം തരം പഠന സ്കീം "others" ആയിട്ടുള്ളവർ മാർക്ക് ലിസ്റ്റ് /സർട്ടിഫിക്കറ്റ് , തുല്യതാ സർട്ടിഫിക്കറ്റ് എന്നിവയുടെ സ്കാൻ ചെയ്ത കോപ്പി ( File in pdf format and Size below 100 KB) അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യണം.ടി അപേക്ഷയിൽ വിദ്യാർത്ഥിയ്ക്ക് താൽപര്യമുള്ള സ്കൂൾ/കോഴ്സുകൾ ഓപ്ഷനായി നൽകാവുന്നതാണ്. **2021 ആഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 9 വരെ സ്പോർട്ട്സ് ക്വാട്ടയിൽ മുഖ്യഘട്ടത്തിൽ അപേക്ഷിക്കുവാൻ അവസ്സരമുണ്ടായിരിക്കും. മെരിറ്റ് ക്വാട്ടയിൽ ഏകജാലക സംവിധാനത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽപ്പോലും സ്പോർട്സ് ക്വാട്ടയിൽ പരിഗണിക്കുന്നതിനായി ഈ അവസരത്തിൽ വീണ്ടും അപേക്ഷിക്കണം.**

മുൻ കൊല്ലങ്ങളിൽ എന്ന പോലെ അപേക്ഷയുടെ പ്രിൻറൗട്ടും അനുബന്ധരേഖകളും വെരിഫിക്കേഷനായി സ്കൂളിൽ നൽകേണ്ടതില്ല. അപേക്ഷാഫീസായ 25 രൂപ പ്രവേശന സമയത്തെ ഫീസിനൊപ്പം നൽകിയാൽ മതി.

മുഖ്യഘട്ടത്തിൽ രണ്ട് അലോട്ട്മെൻറുകളും സപ്ലിമെൻററിഘട്ടത്തിൽ ഒരു അലോട്ട്മെൻറും ഉൾപ്പെട്ടതാണ് സ്പോർട്സ് ക്വാട്ട പ്രവേശനം.

# സ്പോർട്ട്സ് ക്വാട്ട പ്രവേശന ഷെഡ്യൂൾ

**1.മുഖ്യഘട്ടം**

സ്പോർട്സ് മികവ് രജിസ്ട്രഷനും വെരിഫിക്കേഷനും :24/08/2021 മുതൽ 08/09/2021 വരെ

| | | |
|---|---|---|
| ഓൺ ലൈൻ രജിസ്ട്രേഷൻ ആരംഭിക്കേണ്ട തീയതി | : | **31/08/2021** |
| അപേക്ഷ സമർപ്പിക്കേണ്ട അവസ്സാന തീയതി | : | **09/09/2021** |
| സ്പോർട്ട്സ് ക്വാട്ടമുഖ്യഘട്ട ഒന്നാം അലോട്ട്മെൻറ് തീയതി | : | **13/09/2021** |
| സ്പോർട്ട്സ് ക്വാട്ടമുഖ്യഘട്ടഅവസ്സാനഅലോട്ട്മെൻറ്തീയതി | : | **23/09/2021** |

**2.സപ്ലിമെൻററി ഘട്ടം**

സ്പോർട്സ് മികവ് രജിസ്ട്രഷനും വെരിഫിക്കേഷനും :28/09/2021 മുതൽ 01/10/2021 വരെ

| | | |
|---|---|---|
| ഓൺ ലൈൻ രജിസ്ട്രേഷൻ ആരംഭിക്കേണ്ട തീയതി | : | **30/09/2021** |
| അപേക്ഷ സമർപ്പിക്കേണ്ട അവസ്സാന തീയതി | : | **01/10/2021** |
| സ്പോർട്ട്സ് ക്വാട്ടസപ്ലിമെൻററിഅലോട്ട്മെൻറ് തീയതി | : | **04/10/2021** |
| സ്പോർട്ട്സ് ക്വാട്ടഅവസ്സാനപ്രവേശന തീയതി | : | **05/10/2021** |

പൊതുവിദ്യാഭ്യാസ ഡയറക്ടർ